## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2829** **06-10-2025 - ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്ത് നാളിതുവരെ നടന്ന നിർമ്മാണ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പങ്കാളിത്തം എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണത്തിനും ബാഹ്യാടിസ്ഥാന വികസനത്തിനുമായി ആകെ 8867.14 കോടി രൂപയുടെ ചെലവാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>വയബിലിറ്റി ഗ്യാപ് ഫണ്ടായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ തിരിച്ച് നൽകേണ്ടതുണ്ട്. തുറമുഖം പ്രവർത്തനസജ്ജമായതിനു ശേഷം 2034 ഡിസംബർ മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 20% വീതമാണ് കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടത്. |
| (ബി) | അദാനി കമ്പനിയുമായുള്ള കരാർ പ്രകാരം വരുമാനം വീതിക്കുന്നതിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖം പ്രവർത്തനസജ്ജമായതിനു ശേഷം 2034 ഡിസംബർ മുതലാണ് സർക്കാരിന് തുറമുഖ വരുമാനത്തിൽ നിന്നുള്ള വിഹിതം ലഭിച്ചുതുടങ്ങുന്നത്. പതിനഞ്ചാം വർഷത്തിൽ തുറമുഖ വരുമാനത്തിന്റെ 1% വിഹിതം, പതിനാറാം വർഷത്തിൽ 2% വിഹിതം എന്നിങ്ങനെ പരമാവധി 40% വരുമാന വിഹിതം വരെയാണ് സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്നത്. |
| (സി) | വിഴിഞ്ഞം തുറമുഖത്ത് ഇനിയും എന്തെല്ലാം വികസന പദ്ധതികളാണ് ഏറ്റെടുക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഏറ്റെടുക്കാനും 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുവാനും ഉടമ്പടി യായിട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ നിർമ്മാണത്തിനായുള്ള പാരിസ്ഥിതികാനുമതി 10/03/2025 ന് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടങ്ങൾ കൂടി പൂർത്തിയാകുന്നതോടുകൂടി തുറമുഖത്തിന്റെ |

| | | | |
|---|---|---|---|
| | | | സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയ്നറുകളായി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. ടി തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്. നിലവിൽ തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്കായുള്ള Detailed Design ഉം മറ്റും പദ്ധതിയുടെ Independent Engineer മുഖേന പരിശോധിച്ച് വരികയാണ്. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>തുറമുഖത്തെ എൻ.എച്ച് 66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനായി തുറമുഖ റോഡ് എൻ.എച്ച് 66-മായി ചേരുന്ന ഭാഗത്ത് ക്ലോവർ ലീഫ് മാതൃകയിൽ വികസിപ്പിക്കുന്നതും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം ജംഗ്ഷൻ നിർമ്മാണം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമെന്നതിനാൽ, തുറമുഖത്തിൽ നിന്നും റോഡ് മുഖാന്തിരമുള്ള ചരക്ക് നീക്കം പ്രാവർത്തികമാക്കുവാനായി താൽക്കാലിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.<br><br>കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. AVPPL മായുള്ള സപ്ലിമെന്ററി കൺസെഷൻ പ്രകാരം റെയിൽ പാത 2028 ഡിസംബറിനുള്ളിൽ സ്ഥാപിക്കേണ്ടതാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR 2022 മാർച്ചിൽ ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിയുടെ DPR ന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഘടകങ്ങൾ | തുക (കോടിയിൽ) |
|---|---|
| PPP. ഘടകങ്ങളുടെ നിർമ്മാണം | 4089.00 |
| Funded Work ഘടകം (പുലിമുട്ട്) | 1726.34 |
| റെയിൽ കണക്റ്റിവിറ്റി | 1213.66 |
| ഭൂമി ഏറ്റെടുക്കൽ | 1115.73 |
| R & R and സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ | 123.06 |
| വൈദ്യുതി, വെള്ളം, തുടങ്ങി മറ്റ് സൗകര്യങ്ങൾ | 186.27 |
| Consultancy and Project Administration | 135.00 |
| Interest during construction | 278.08 |
| **ആകെ തുക** | **8867.14** |

| തുക വഹിക്കുന്ന കക്ഷി | വിഹിതം (കോടിയിൽ) |
|---|---|
| സംസ്ഥാന സർക്കാർ | 5595.34 |
| കൺസഷണയർ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) | 2454.00 |
| കേന്ദ്ര സർക്കാർ (V.G.F) | 817.80 |
| **ആകെ തുക** | **8867.14** |